പതിനാലാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം. 5794 03.11.2016 -ൽ മറുപടിക്ക്

**ജോബ് ഫെയർ**

| ചോദ്യം | ഉത്തരം |
| --- | --- |
| **ശ്രീ. വി.എസ്.ശിവകുമാർ<br>ശ്രീ.സണ്ണി ജോസഫ്<br>ശ്രീ.റോജി എം.ജോൺ<br>ശ്രീ. ഹൈബി ഈഡൻ** | **ശ്രീ.ടി.പി.രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി)** |
| എ. തൊഴിൽ വകുപ്പിന്റെ നേതൃത്വത്തിൽ ജോബ് ഫെയർ സംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ ; | എ. നാഷണൽ എംപ്ലോയ് മെന്റ് സർവ്വീസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ 2016-17 വർഷം സംസ്ഥാന വ്യാപകമായി "നിയുക്തി 2017" എന്ന പേരിൽ മെഗാ ജോഫ് ഫെയർ സംഘടിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. സംസ്ഥാനത്തെ മൂന്ന് മേഖലകളിലായി തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകൾ കേന്ദ്രീകരിച്ച് ബന്ധപ്പെട്ട എല്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെയും, എംപ്ലോയബിലിറ്റി സെന്ററുകളുടെയും താൽപര്യമുള്ള സ്വകാര്യ ഉദ്യോഗദായകരുടെയും സംയുക്ത സഹകരണത്തോടെയാണ് പ്രസ്തുത ജോബ് ഫെയർ സംഘടിപ്പിക്കുന്നത്. |
| ബി. എങ്കിൽ ആരെല്ലാമാണ് ഇതിൽ പങ്കാളികളാകുന്നത്; വിവരിക്കുമോ ; | ബി. നാഷണൽ എംപ്ലോയ് മെന്റ് സർവ്വീസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ എല്ലാ എംപ്ലോയ് മെന്റ് എക്സ്ചേഞ്ചുകളുടെയും, എംപ്ലോയബിലിറ്റി സെന്ററുകളുടെയും എംപ്ലോയബിലിറ്റി സെന്ററുകളുടെ എച്ച്.ആർ.ഡി. പ്രവർത്തനങ്ങൾക്ക് ചുമതലപ്പെടുത്തിയിട്ടുള്ള കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (KASE) ന്റെയും, പങ്കെടുക്കുവാൻ താല്പര്യമുള്ള ഉദ്യോഗദായകരുടെയും സഹകരണത്തോടെയാണ് പ്രസ്തുത ജോബ് ഫെയർ സംഘടിപ്പിക്കുവാൻ ഉദ്ദേശിക്കുന്നത്. |
| സി. എത്ര പേർക്കാണ് ഇതുമൂലം തൊഴിൽ ലഭ്യമാക്കാൻ ലക്ഷ്യമിട്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ? | സി. പ്രസ്തുത ജോബ് ഫെയർ മുഖേന കുറഞ്ഞത് 5000 പേർക്കെങ്കിലും തൊഴിൽ ലഭ്യമാക്കുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ